**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4418** **28-10-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഓഫീസുകളുടെ ആധുനീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 1. ആധാര മാതൃകകൾ ലളിതവൽക്കരിച്ച് കൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സംവിധാനം. 2. ആധാര കക്ഷികളുടെ ഫോട്ടോയും, വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുക. 3. വാണിജ്യ ബാങ്കുകളിൽ നിന്നും ലോണുകൾ ലഭിയ്ക്കുന്നതിന് പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുവാൻ സാധിക്കുന്ന digital document execution എന്ന പദ്ധതിയുടെ നിർവഹണം. 4. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം. 5. സബ് രജിസ്ട്രാർ ഓഫീസുകൾ പൊതുജനസൗഹാർദ്ദപരമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കൽ. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകരണം പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകരണം പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ താഴെ കൊടുക്കുന്നു. 1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം. 2. വാണിജ്യ ബാങ്കുകളിൽ നിന്നും ലോണുകൾ ലഭിയ്ക്കുന്നതിന് പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുവാൻ സാധിക്കുന്ന digital document execution എന്ന പദ്ധതിയുടെ നിർവഹണം. 3. ആധാര പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസ് സന്ദർശിക്കാതെ തന്നെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം. 4. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾക്ക് പൂർണ്ണമായും ഓൺലൈൻ സംവിധാനം. 5. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ. 6. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാക്കേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷനുള്ള സാധ്യത. 7. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം. 8. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി. 9. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ദപരമാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക. 10. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിന്റെ നവീകരണം. 11. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ